42

# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 JUNE 2023



## കിൻഫ്ര സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി ശിലാസ്ഥാപനവും നിർമ്മാണോദ്ഘാടനവും ബഹു. മന്ത്രി ശ്രീ. പി. രാജീവ് നിർവ്വഹിച്ചു

സംസ്ഥാന വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കിൻഫ്രയുടെ നേതൃത്വത്തിൽ തിരുവനന്തപുരം കഴക്കൂട്ടത്തെ കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്കിൽ പുതുതായി നിർമ്മിക്കുന്ന സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ ശിലാസ്ഥാപനവും നിർമ്മാണ ഉദ്ഘാടനവും ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി രാജീവ് നിർവ്വഹിച്ചു.

ആറു നിലകളിലായി 2 ലക്ഷം ചതുരശ്ര അടി വിസ്തൃതിയിലാണ് ആധുനിക സൗകര്യങ്ങളോടെ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഐ.ടി / ഐ.ടി അധിഷ്ഠിത വ്യവസായങ്ങൾ പരമാവധി പ്രോത്സാഹിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. 80 കോടി രൂപ നിർമ്മാണച്ചിലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി 2025 നവംബറിൽ പൂർത്തിയാകും. ചുരുങ്ങിയത് 5000 ആളുകൾക്ക് നേരിട്ടും 7500 പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാകും.

2023 മെയ് 17 ന് തിരുവനന്തപുരം കഴക്കൂട്ടത്തെ കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്കിൽ നടന്ന ചടങ്ങിൽ ബഹു. കഴക്കൂട്ടം എം.എൽ.എ, ശ്രീ. കടകംപള്ളി സുരേന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. ചീഫ് സെക്രട്ടറിയും കിൻഫ്ര ചെയർമാനുമായ ഡോ. വി.പി ജോയ് ഐ.എ.എസ് മുഖ്യപ്രഭാഷണം നടത്തി. നഗരസഭ കൗൺസിലർ ശ്രീ. എം. ബിനു, വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ (I/C) ശ്രീ. കെ. സുധീർ ഐ.എ.എസ്, കിൻഫ്ര മാനേജിങ് ഡയറക്ടർ ശ്രീ. സന്തോഷ് കോശി തോമസ്, കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക് ചെയർമാൻ ശ്രീ. ജോർജ്ജ് കുട്ടി അഗസ്റ്റി, ഇ.വൈ.ജി.ഡി.എസ് ഡയറക്ടർ (ഇന്ത്യ ഓപ്പറേഷൻസ്) ശ്രീ. റിച്ചാർഡ് ആന്റണി, ടാറ്റാ എൽക്സി സെന്റർ ഹെഡ് ശ്രീ. വി ശ്രീകുമാർ, കിൻഫ്ര (പ്രോജക്ട്സ്) ജനറൽ മാനേജർ ഡോ. ടി ഉണ്ണികൃഷ്ണൻ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

## ഒന്നാമതാണ് കേരളം



**പ്രധാൻമന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതിയിൻ (പി.എം. എഫ്.എം.ഇ.) കീഴിൽ അനുവദിക്കപ്പെട്ട വ്യക്തിഗത ലോണുകളുടെ എണ്ണം 1000 കവിഞ്ഞു.**

പ്രധാൻ മന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതിയുടെ (പി.എം. എഫ്.എം.ഇ.) സീഡ് ക്യാപിറ്റൽ ധനസഹായ വിതരണത്തിൽ കേരളം ബഹുദൂരം മുന്നിൽ. കുടുംബശ്രീയുടെ കീഴിലുള്ള സ്റ്റേറ്റ് അർബൻ ലൈവിലിഹുഡ് മിഷന്റെയും പി.എം. എഫ്.എം.ഇ. പദ്ധതിയുടെ സംസ്ഥാന നോഡൽ ഏജൻസിയായ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന്റെയും പരിശ്രമങ്ങളാണ് പദ്ധതി അവലോകന വിലയിരുത്തൽ പട്ടികയിൽ കേരളത്തെ ബഹുദൂരം മുന്നിലെത്താൻ പ്രാപ്തമാക്കിയത്.

കേരളത്തിൽ നിന്ന് സമർപ്പിച്ച 925 ആപ്ലിക്കേഷനുകളാണ് സീഡ് ക്യാപിറ്റൽ ധനസഹായ വിതരണത്തിന് അർഹരായത്. 96.90 % ആണ് കേരളത്തിന്റെ പ്രകടന നിലവാരം. പട്ടികയിൽ ഏറ്റവും പുറകിലുള്ള പഞ്ചാബിന്റെത് 8.6 % മാത്രം ആണെന്നറിയുമ്പോഴാണ് കേരളം കൈവരിച്ച നേട്ടത്തിന്റെ പ്രാധാന്യം മനസ്സിലാക്കാൻ സാധിക്കുന്നത്.

2020 ലായിരുന്നു കാർഷിക മേഖലക്ക് കൈത്താങ്ങാകുന്നതിനും സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്കു സാമ്പത്തിക, സാങ്കേതിക, ബിസിനസ് പിന്തുണ ലഭ്യമാക്കുന്നതിനുമായി കേന്ദ്ര - സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പി.എം. എഫ്.എം.ഇ. പദ്ധതി ആരംഭിച്ചത്.

വ്യവസായ വാണിജ്യ ഡയറക്ടറാണ് പി.എം. എഫ്.എം.ഇ. പദ്ധതിയുടെ സംസ്ഥാന നോഡൽ ഓഫീസർ. പദ്ധതി നിർവഹണത്തിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ ജില്ലാ നോഡൽ പോയിന്റായി പ്രവർത്തിക്കുന്നു. ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ആവശ്യമായ സഹായ സഹകരണങ്ങൾക്കു നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് ഹാൻഡ് ഹോൾഡിങ് പിന്തുണ ലഭ്യമാക്കുന്നതിനായി ജില്ലാ തലത്തിൽ ഡിസ്ട്രിക്ട് റിസോഴ്സ് പേഴ്സൺസിനെയും (DRP) നിയമിച്ചിട്ടുണ്ട്.

# ആരോഗ്യപരിരക്ഷാ വ്യവസായ രംഗത്തിന് പുത്തനുണർവേകി

## ദ്വിദിന കോൺക്ലേവ് സമാപിച്ചു

ആരോഗ്യപരിരക്ഷാരംഗത്ത് വ്യവസായങ്ങളുടെ ഭാവിസാധ്യതകളിലേക്ക് വാതിൽ തുറന്ന് ദ്വിദിന കോൺക്ലേവ് സമാപിച്ചു. 2023 മെയ് 25, 26 തീയതികളിലായാണ് തിരുവനന്തപുരം, കോവളം ലീല ഹോട്ടലിൽ സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന് വേണ്ടി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെഎസ്ഐഡിസി) **ബയോകണക്ട് കേരള 2023** ഇൻഡസ്ട്രിയൽ കോൺക്ലേവ് സംഘടിപ്പിച്ചത്. രോഗനിർണയത്തിൽ ഉൾപ്പെടെ കുതിപ്പേകുന്ന ഒട്ടേറെ ഇന്നൊവേഷനുകൾ നിക്ഷേപകർക്ക് മുന്നിൽ അവതരിപ്പിക്കാൻ സ്റ്റാർട്ടപ്പുകൾക്കുള്ള വേദി കൂടിയായിരുന്നു കോൺക്ലേവ്.

ആഭ്യന്തര ഉത്പാദനം പ്രോത്സാഹിപ്പിച്ചും അത്യാധുനിക മെഡിക്കൽ സാങ്കേതിക വിദ്യകൾ വികസിപ്പിച്ചും കേരളത്തിന്റെ ആരോഗ്യ പരിരക്ഷാ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുമെന്ന് **ബയോ കണക്ട് കേരള 2023** ഇൻഡസ്ട്രിയൽ കോൺക്ലേവ് ഓൺലൈനായി ഉദ്ഘാടനം ചെയ്ത് കൊണ്ട് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പറഞ്ഞു. ആരോഗ്യ രംഗവുമായി ബന്ധപ്പെട്ട് വ്യവസായ മേഖലയിൽ അത്യാധുനിക സാങ്കേതിക വിദ്യ വികസിപ്പിക്കാൻ പ്രാദേശിക പ്രതിഭകളെ പ്രോത്സാഹിപ്പിക്കും. പ്രവർത്തനക്ഷമമായ ബിസിനസ് അന്തരീക്ഷം സൃഷ്ടിച്ചും മെഡിക്കൽ ഉപകരണങ്ങ




ളുടെ നിർമാണത്തിലും രോഗനിർണയ മികവിലും കേരളത്തെ കേന്ദ്രസ്ഥാനത്തെത്തിക്കുകയാണ് ലക്ഷ്യം. കേരളത്തിലെ പ്രകൃതിവിഭവങ്ങളുടെ സമ്പന്നത ഫാർമസ്യൂട്ടിക്കൽ വ്യവസായത്തിന് അനുയോജ്യമാണ്. ഇതിന്റെ പ്രയോജനം സമൂഹത്തിന്റെ എല്ലാ തട്ടിലും ലഭിക്കുംവിധം ഈ മേഖലയെ പരിപോഷിപ്പിക്കാൻ ആവശ്യമായ എല്ലാ പിന്തുണയും സർക്കാർ നൽകുമെന്നും ബഹു. മന്ത്രി പറഞ്ഞു.

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സുമൻ ബില്ല ഐ.എ.എസ്, കെഎസ്ഐഡിസി എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. സ്നേഹിൽ കുമാർ സിങ് ഐ.എ.എസ്, കെഎസ്ഐഡിസി ചെയർമാൻ ശ്രീ. പോൾ ആന്റണി ഐ.എ.എസ് (റിട്ട.), ഡിഎസ്ടി മുൻ സെക്രട്ടറി പ്രൊഫ. ടി. രാമസ്വാമി, എയിംസ് ബയോടെക്നോളജിസ്റ്റ് പ്രൊഫ. ടി.പി സിങ്, കേരള ലൈഫ് സയൻസ് ഇൻഡസ്ട്രീസ് പാർക്ക് ഡയറക്ടർ ഡോ.സി.എൻ രാംചന്ദ് എന്നിവർ സംസാരിച്ചു.

ലൈഫ് സയൻസ് മേഖലയിലെ വിദഗ്ധർ, വിദ്യാർത്ഥികൾ, ഗവേഷകർ എന്നിവർക്കൊപ്പം ഈ മേഖലയിലെ മുൻനിര കമ്പനികൾ, ഗവേഷണ-വികസന സ്ഥാപനങ്ങൾ, സ്റ്റാർട്ടപ്പുകൾ എന്നിവർ ഉൾപ്പെടെ 300 പ്രതിനിധികളാണ് കോൺക്ലേവിൽ പങ്കെടുത്തത്. ഈ രംഗത്തെ നൂതന സാങ്കേതികവിദ്യകളും സേവനങ്ങളും ഉൽപന്നങ്ങളും പരിചയപ്പെടുത്തുന്ന 45 സ്റ്റാളുകളും കോൺക്ലേവിൽ ഒരുക്കിയിരുന്നു. ലൈഫ് സയൻസ് പാർക്കിനെ മുൻനിർത്തി ഗവേഷണ-വികസന മേഖലയിലും ഉത്പാദന മേഖലയിലും നിക്ഷേപം ആർജിക്കുകയായിരുന്നു രണ്ടു ദിവസമായി സംഘടിപ്പിച്ച പരിപാടിയുടെ ലക്ഷ്യം.

# 'എന്റെ കേരളം'

## പ്രദർശന വിപണന മേള; അഭിമാനമായി വ്യവസായ വകുപ്പ്

സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷിക ദിനാഘോഷങ്ങളോടനുബന്ധിച്ചു സംഘടിപ്പിച്ച **'എന്റെ കേരളം'** പ്രദർശന വിപണന മേളയിൽ ശ്രദ്ധ നേടി വ്യവസായ വാണിജ്യ വകുപ്പിന്റെ പവലിയനുകൾ. ഇതിനോടകം 14 ജില്ലകളിലും സമാപിച്ച **'എന്റെ കേരളം'** പ്രദർശന വിപണന മേളയിൽ ഒരുക്കിയിരിക്കുന്ന സേവനങ്ങളും, പൊതുജന പങ്കാളിത്തവും കൊണ്ട് മികച്ച പ്രതികരണമാണ് വ്യവസായ വാണിജ്യ വകുപ്പിന്റെ പവലിയനുകൾക്ക് ലഭിച്ചത്.



സംരംഭകർക്ക് ബാങ്ക് വായ്പ എടുക്കുന്നതിനും വിവിധ സർക്കാർ പദ്ധതികൾക്ക് അപേക്ഷിക്കുന്നതിനും ആവശ്യമായ സമഗ്ര പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുമായി വ്യവസായ വകുപ്പിന്റെ ഡിപിആർ ക്ലിനിക്, സംരംഭക സഹായ കേന്ദ്രം, വിവിധ ഓൺലൈൻ സേവനങ്ങൾ, MoFPI യുടെ PMFME പദ്ധതി സേവനങ്ങൾ, വിവിധങ്ങളായ ബിസിനസ്സ് മീറ്റുകൾ, ബിസിനസ്സ് ഡിസ്കഷനുകൾ പ്രോഡക്ട് ലോഞ്ചുകൾ, ജോബ് ഫെയറുകൾ എന്നിവ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ **'എന്റെ കേരളം'** പരിപാടിയോടനുബന്ധമായി ഒരുക്കിയിരുന്നു.

സംരംഭകർക്ക് കൈത്താങ്ങായി മാറിയ എന്റെ കേരളം പ്രദർശന വിപണന മേളയിൽ വ്യവസായ വകുപ്പിന് കീഴിലെ വിപണന സ്റ്റാളുകളിൽ നിന്ന് മികച്ച വരുമാനമാണ് ലഭിച്ചത്. വ്യവസായ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിറ്റുകളിൽ പലതും വിവിധ ജില്ലകളിൽ മേളയുടെ ഭാഗമായപ്പോൾ സംരംഭകർക്ക് അവരുടെ ഉത്പന്നങ്ങൾ പ്രയോജനപ്രദമായ രീതിയിൽ പ്രദർശിപ്പിക്കുന്നതിനും വിറ്റഴിക്കുന്നതിനും അവസരം ലഭിച്ചു.

| ജില്ല | തീയതി | സ്ഥലം |
|---|---|---|
| എറണാകുളം | ഏപ്രിൽ 1-8 | മറൈൻ ഡ്രൈവ് |
| പാലക്കാട് | ഏപ്രിൽ 9-15 | ഇന്ദിരാഗാന്ധി മുൻസിപ്പൽ സ്റ്റേഡിയം |
| കണ്ണൂർ | ഏപ്രിൽ 11-17 | പോലീസ് ഗ്രൗണ്ട് |
| ആലപ്പുഴ | ഏപ്രിൽ 17-23 | ആലപ്പുഴ ബീച്ച് |
| വയനാട് | ഏപ്രിൽ 24-30 | എസ് കെ എം ജെ എച്ച്സ്ഇ, കൽപ്പറ്റ |
| ഇടുക്കി | ഏപ്രിൽ 28-മെയ് 4 | വിഎച്ച്എസ്ഇ, വാഴത്തോപ്പ് |
| കാസർഗോഡ് | മെയ് 3-9 | കാഞ്ഞങ്ങാട് ന്യൂ ബസ് സ്റ്റാൻഡ് |
| മലപ്പുറം | മെയ് 10-16 | എവിഎച്ച്എസ്എസ്, പൊന്നാനി |
| തൃശ്ശൂർ | മെയ് 10-16 | തേക്കിൻകാട് (സ്റ്റ്യുഡന്റ്സ് കോർണർ) |
| കോഴിക്കോട് | മെയ് 12-18 | കോഴിക്കോട് ബീച്ച് |
| പത്തനംതിട്ട | മെയ് 12-18 | മുൻസിപ്പൽ സ്റ്റേഡിയം |
| കോട്ടയം | മെയ് 16-22 | നാഗമ്പടം ഗ്രൗണ്ട് |
| കൊല്ലം | മെയ് 18-24 | ആശ്രമം ഗ്രൗണ്ട് |
| തിരുവനന്തപുരം | മെയ് 20-27 | കനകക്കുന്ന് കൊട്ടാരം ഗ്രൗണ്ട് |

CONGRATS

## ആശംസകൾ



കോളേജ് വിദ്യാഭ്യാസ ഡയറക്ടറായി നിയമിതനായ വ്യവസായ വാണിജ്യ ഡയറക്ടർ (I/C) ശ്രീ. കെ. സുധീർ ഐ.എ.എസിന് വ്യവസായ വാണിജ്യ വകുപ്പിന്റെ എല്ലാ ഭാവുകങ്ങളും നേരുന്നു.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.